റയിൽവേ മാലിന്യം പോലും ഫലപ്രദമായി കൈകാര്യം ചെയ്യാനറിയാത്ത ഒരു രാജ്യം ആണവശക്തിയാകാൻ ശ്രമിക്കുമ്പോൾ ആണവ മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും? കേൾവിക്കാരന്റെ പുരികം വളയ്ക്കുന്ന ഈ ചോദ്യം ഉന്നയിക്കുന്നത് ഡോ. ജോർജ് ജെ. തിംബലങ്ങാട്ട് ആണ്. റയിൽവേ മാലിന്യം സുരക്ഷിതവും ഫലപ്രദവുമായി കൈകാര്യം ചെയ്യണമെന്ന ആവശ്യമുന്നയിച്ച് കേരള ഹൈക്കോടതിയിൽനിന്ന് അനുകൂല തീരുമാനം സമ്പാദിച്ച ചങ്ങനാശേരിക്കാരൻ. ഒടുവിൽ ഇക്കഴിഞ്ഞ റയിൽവേ ബജറ്റിൽ ട്രെയിനിലെ കക്കൂസുകൾ പരിസ്ഥിതി സൗഹൃദപൂർണമാക്കാൻ (ഗ്രീൻ ടോയ്‌ലറ്റ്) 4000 കോടി രൂപ നീക്കിവച്ചപ്പോൾ അതു ജോർജിന്റെ വിജയമായി. പക്ഷേ അതു പൂർണമായ വിജയമല്ലെന്നാണു ഡോ. ജോർജ് പറയുന്നത്. കാരണം 2008ൽ പരിഹാരമുണ്ടാക്കാമെന്നായിരുന്നു അന്നു കേസിന്റെ ഭാഗമായി റയിൽവേ നൽകിയ ഉറപ്പ്. ബജറ്റിൽ പറയുന്നതനുസരിച്ചാണെങ്കിൽ ഇതിനായി ഇനിയും നാലു വർഷമെങ്കിലും കാത്തിരിക്കേണ്ടി വരും. അതിനു പകരം ഒരു വർഷം കൊണ്ടു പദ്ധതി നടപ്പാക്കണമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. റയിൽവേയെ ലാലു ഒരു പശുവായി കണക്കാക്കുകയാണ്. നാടുനീളെ നടന്നു ചാണകമിടുന്ന ഒരു പശു. ഈ പശുവിനെ ആലയിൽ കെട്ടി കൈകാര്യം ചെയ്യാൻ ലാലുവിനു കഴിയണം - റയിൽവേ മാലിന്യ നിയന്ത്രണത്തെക്കുറിച്ച് ഡോ. ജോർജ് പറയുന്നു.

മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ അദ്ദേഹം പങ്കുവയ്ക്കുന്നു.

? ഫലപ്രദമായ രീതിയിൽ മാലിന്യം എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയും? ഇതിനു പുതുമയുള്ള എന്തെങ്കിലും മാർഗങ്ങൾ നിർദേശിക്കാനുണ്ടോ?

റയിൽവേ മാലിന്യത്തെക്കുറിച്ചു മാത്രമല്ല പൊതുവായ മാലിന്യ സംസ്കാരണത്തെക്കുറിച്ചും നാം ചിന്തിക്കണം. മാലിന്യ സംസ്കരണത്തിനു നാം സ്വീകരിക്കുന്ന മാർഗങ്ങൾ ഫലപ്രദവും സുരക്ഷിതവും മാത്രമല്ല തികച്ചും നവീനവും പൊതുജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നതുമാകണം. മാലിന്യത്തിൽനിന്ന് ഊർജോത്പാദനം നടത്താമെന്ന ആശയമായിരിക്കണം ഈ പ്രവർത്തനങ്ങളുടെ ആണിക്കല്ല്. മാലിന്യം ഒരു അസംസ്കൃത വസ്തുവാണ്. അതിനെ വെറുതെ തള്ളിക്കളയുന്നതിനപ്പുറം ഉപയോഗം കണ്ടെത്തുകയാണു വേണ്ടത്. മാലിന്യത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ തുറക്കുകയാണെങ്കിൽ മാലിന്യനിർമാർജനത്തോടൊപ്പം കേരളത്തിന്റെ വർധിച്ചു വരുന്ന വൈദ്യുതി ഉപഭോഗത്തിനും ഇതു താങ്ങാകും. ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് യുക്തിപൂർവമായ പദ്ധതി ആസൂത്രണമാണു വേണ്ടത്.

തന്റെ പുരയിടത്തിലെ മാലിന്യങ്ങൾ അയൽക്കാരന്റെ പറമ്പിലേക്കു തള്ളണമെന്ന നിർബന്ധബുദ്ധിക്കാരാണു നമ്മുടെ ചുറ്റുപാടുമുള്ളവരിൽ നല്ലൊരു പങ്ക്. ഈ മനോഭാവം മാറ്റാനും പൊതുജനപങ്കാളിത്തം ഉറപ്പു വരുത്താനും വ്യത്യസ്തമായൊരു പ്രവർത്തനരീതി ഉണ്ടാകണം. ഊർജോത്പാദനം നടത്താനായി മാലിന്യം എത്തിച്ചു കൊടുക്കുന്നവർക്ക് പ്രതിഫലം നിശ്ചയിച്ചാൽ കാര്യങ്ങൾ എളുപ്പമാകും. പ്രതിഫലം ലഭിക്കുമെന്നായാൽ അയൽക്കാരന്റെ പറമ്പിലെ മാലിന്യം പോലും വാരിക്കൂട്ടി സംസ്കരണ കേന്ദ്രത്തിലെത്തിക്കാൻ ആരും തയ്യാറാകും. മാത്രമല്ല, സ്വന്തം വീട്ടുപരിസരം വൃത്തിയാക്കാൻ സമയം ലഭിക്കാത്തവർക്ക് ആഴ്ചയിലൊന്നെങ്കിലും ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹായം നൽകണം. മാലിന്യ സംസ്കരണ കേന്ദ്രം തുടങ്ങാൻ വേണ്ട സഹകരണം അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകണം.

? ഇക്കാര്യത്തിൽ അധികൃതരുടെ ഭാഗത്തുനിന്നു ലഭിച്ച പ്രതികരണം?

മാലിന്യ സംസ്കരണത്തിനു ഫലപ്രദമായ മാർഗങ്ങൾ സ്വീകരിക്കണമെന്ന അഭ്യർഥനയും അതിനു വേണ്ട മാർഗനിർദേശങ്ങളുമായി ഞാൻ സമീപിക്കാത്ത അധികൃതർ കേരളത്തിലില്ല. കേരളത്തിലെ നാലു മുഖ്യമന്ത്രിമാരെ കണ്ട് ഇക്കാര്യത്തെക്കുറിച്ചു സംസാരിച്ചെങ്കിലും ഇവരിലാരും ചെറുവിരൽ പോലും അനക്കാൻ തയ്യാറായില്ല. ഉമ്മൻ ചാണ്ടി മാത്രമാണ് അൽപമെങ്കിലും സഹകരണ മനോഭാവം കാണിച്ചത്. അധികൃതരുടെ നിസ്സംഗതയും നിസ്സഹകരണവുമാണു നാടിനെ മാലിന്യക്കൂമ്പാരവും ജനങ്ങളെ രോഗികളുമാക്കുന്നതിനു മുഖ്യ കാരണങ്ങൾ. മാലിന്യക്കൂമ്പാരമായി മാറിയ നാട്ടിൽ ചിക്കുൻ ഗുനിയ പൊട്ടിപ്പുറപ്പെട്ടതിന്റെ ദോഷങ്ങൾ സമീപകാലത്ത് അനുഭവിച്ചറിഞ്ഞിട്ടു പോലും ഇക്കാര്യത്തിൽ അധികൃതർ പുലർത്തുന്ന നി

സ്സംഗത അമ്പരപ്പിക്കുന്നതാണ്. മുഖ്യമന്ത്രിമാർ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപന അധികൃതർ വരെയുള്ളവരെ ഇതിന്റെ ബോധവത്കരണത്തിനായി സമീപിച്ചു കഴിഞ്ഞു. പക്ഷേ ഫലമൊന്നുമുണ്ടായില്ല. സ്റ്റേറ്റ് കാറിൽ സഞ്ചരിക്കുന്നവർക്കു സാധാരണക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് എന്തറിയാം? ഇക്കാര്യത്തിൽ കക്ഷിരാഷ്ട്രീയ ഭേദമില്ല. പാർട്ടിയെ സേവിക്കാൻ അവർക്കു സമയമുണ്ട്. ജനസേവകരെന്ന് വിശേഷിപ്പിക്കുന്ന അവർക്ക് ആ സമയം എന്തുകൊണ്ട് ജനങ്ങളെ സേവിക്കാൻ വിനിയോഗിച്ചു കൂടാ?

അധികൃതരുടെ അലംഭാവത്തിന്റെ മൂർത്തമായ തെളിവുകളാണു സർക്കാർ സ്ഥാപനങ്ങൾ. ശുചിത്വമുള്ള അന്തരീക്ഷവും ചുറ്റുപാടുകളുമുള്ള സർക്കാർ സ്ഥാപനങ്ങൾ കേരളത്തിൽ വിരലിലെണ്ണാൻ പോലുമില്ല. പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ അവസ്ഥ അതി ഭീകരവും. ഇത്തരമൊരു സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ ശുചീകരണത്തെക്കുറിച്ച് അധികൃതരുടെ നിലപാടെന്തായിരിക്കുമെന്ന് ഊഹിക്കാൻ കഴിയുന്നതേയുള്ളു.

? മാലിന്യങ്ങൾക്കെതിരെയുള്ള താങ്കളുടെ പോരാട്ടം തുടങ്ങുന്നതെന്ന്?

കേരളത്തിന്റെ മാലിന്യസംസ്കരണപ്രശ്നങ്ങളെക്കുറിച്ച് ഞാൻ മെഡിക്കൽ വിദ്യാർഥിയായിരുന്ന കാലത്തേ ചിന്തിച്ചു തുടങ്ങിയിരുന്നു. പിന്നെ ഞാൻ ജോലിയുടെ സൗകര്യർഥം യുഎസിലേക്കു പോയി. അവിടെ എത്തിയപ്പോഴാണു മാലിന്യ സംസ്കരണത്തിനു ഫലപ്രദമായ പല മാർഗങ്ങളും കണ്ടത്. അപ്പോഴും കേരളവും ഇവിടത്തെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങളും അതിനു കാരണമാകുന്ന ശുചിത്വരഹിതമായ സാഹചര്യങ്ങളും എന്റെ ചിന്തയിലുണ്ടായിരുന്നു. സാൻഫ്രാൻസിസ്കോയിൽ നടന്ന ഒരു യോഗത്തിൽ ഇന്ത്യയെ മൂന്നാം ലോക രാജ്യം എന്നു വിശേഷിപ്പിക്കുന്നതു കേൾക്കേണ്ട സാഹചര്യവുമെനിക്കുണ്ടായി. അതിനെ എതിർത്തപ്പോൾ ഇന്ത്യയിലെ ശുചിത്വരഹിതമായ സാഹചര്യങ്ങളും അതുമൂലം ആരോഗ്യരംഗത്തുണ്ടാകുന്ന പ്രശ്നങ്ങളുമാണ് അവർ ചൂണ്ടിക്കാട്ടിയത്. ഇതെന്നെ ഏറെ ചിന്തിപ്പിച്ചു. പിന്നീട് ഞാൻ കേരളത്തിൽ വന്നപ്പോൾ ഒരിക്കൽ ബാംഗ്ലൂരിൽനിന്ന് കേരളത്തിലേക്ക് ട്രെയിനിൽ യാത്ര ചെയ്തു. ഒരു ഒക്ടോബർ ഒന്നിനായിരുന്നു യാത്ര തുടങ്ങിയത്. ഞാൻ ചങ്ങനാശേരിയിലെത്തിയത് പിറ്റേന്ന് ഒക്ടോബർ രണ്ടിനും. അതായത് ഗാന്ധിജയന്തി ദിനത്തിൽ. അന്നത്തെ ട്രെയിൻ യാത്രയുടെ അനുഭവങ്ങളും കൂടിയായപ്പോൾ ഞാൻ ഒരു തീരുമാനമെടുത്തു. നാടിനെ മാലിന്യക്കൂമ്പാരമാക്കുന്ന റയിൽവേയുടെ നടപടിക്കെതിരെ പോരാടുകയും പരിഹാരം കണ്ടെത്തുകയും വേണം.

അന്നു തുടങ്ങിയ പ്രവർത്തനങ്ങളുടെ ഭാഗമായി 2006ൽ ഞാൻ അഡ്വ. ബെച്ചു കുര്യൻ തോമസിന്റെ സഹായത്തോടെ ഹൈക്കോടതിയെ സമീപിച്ചു. ട്രെയിനിലെ കക്കൂസുകളിൽനിന്നുള്ള വിസർജ്യങ്ങൾ പാളത്തിലേക്കു തള്ളുന്നതിനെതിരെയായിരുന്നു ഹർജി. ഈ മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ കലർന്നു ജലജന്യ രോഗങ്ങൾക്കു കാരണമാകുമെന്ന് ഈ ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. പക്ഷികളും മൃഗങ്ങളും വഴി ഈ മാലിന്യങ്ങൾ നാടിന്റെ നാനാഭാഗങ്ങളിൽ എത്തിച്ചേരാനും അങ്ങനെ അതു ഭക്ഷ്യവസ്തുക്കളിൽ വരെ കലരാനും ഇടയുണ്ടെന്നും പറഞ്ഞിരുന്നു. ഈ കേസിന്റെ ഭാഗമായി 2008 ആകുമ്പോഴേക്കും പ്രശ്നം പരിഹരിക്കാമെന്ന് റയിൽവേ ഉറപ്പു നൽകിയിരുന്നു. ഇപ്പോഴത്തെ ബജറ്റ് പ്രഖ്യാപനം ഇതിന്റെ ഭാഗമായി കാണാവുന്നതാണ്. പക്ഷേ ഇനിയൊരു നാലുവർഷം കൂടി കാത്തിരിക്കാതെ ഒരു വർഷത്തിനകം പദ്ധതി നടപ്പാക്കാൻ അധികൃതർ തയ്യാറാകണം.

? റയിൽവേ മാലിന്യ സംസ്കരണത്തിൽ കേരളത്തിന് എന്തു ചെയ്യാനാകും?

ഇത്തവണത്തെ റയിൽവേ ബജറ്റിൽ ട്രെയിനിലെ മാലിന്യസംസ്കരണത്തിനായി 4000 കോടി നീക്കിവച്ചിട്ടുണ്ട്. കേരളത്തിലെ എംപിമാരും മുഖ്യമന്ത്രിയും ഒന്നിച്ചുനിന്നു ശ്രമിച്ചാൽ ഇതിന്റെ പത്തു ശതമാനമെങ്കിലും നമുക്ക് ലഭിക്കും. മാലിന്യസംസ്കരണ ഫാക്ടറി തുടങ്ങുന്നതിനായി ഇതു പ്രയോജനപ്പെടുത്താം. അതിന് കേരളത്തിന്റെ കൂട്ടായ ശ്രമം തന്നെ വേണം. റയിൽ മാലിന്യ സംസ്കരണത്തോടൊപ്പം കേരളത്തിന്റെ മാലിന്യപ്രശ്നങ്ങൾക്കും ഇതോടെ ഏറെക്കുറേ പരിഹാരമാകും.

? ഇത്രയേറെ മാലിന്യപ്രശ്നങ്ങളുള്ള കേരളത്തിലെ പകർച്ചവ്യാധികളുടെ പൊട്ടിപ്പുറപ്പെടലിനെ താങ്കൾ എങ്ങനെ കാണുന്നു?

ഒട്ടുമിക്ക രോഗങ്ങളും ജലത്തിലൂടെയാണു പകരുന്നത്. ചിലത് ഭക്ഷണത്തിലൂടെയും മറ്റും. ജലത്തിൽ പെറ്റുപെരുകുന്ന കൊതുകുകളാണ് ചിക്കുൻ ഗുനിയയ്ക്കും മറ്റും കാരണം. അപ്പോൾ ജലസ്രോതസ്സുകളുടെ ശുദ്ധി ഉറപ്പാക്കുകയും മാലിന്യനിർമാർജനം ഫലപ്രദമായി നടപ്പാക്കുകയുമാണ് ഈ രോഗങ്ങൾ തടയാൻ ചെയ്യേണ്ടത്. ഭക്ഷണശാലകളിലും മറ്റും ഉപയോഗിക്കപ്പെടുന്ന ജലം, ഭക്ഷണം, അവയുടെ ശുചിത്വം എന്നിവയെല്ലാം കൃത്യമായും സ്ഥിരമായും പരിശോധനാവിധേയമാക്കാൻ സംവിധാനം വേണം. മാത്രമല്ല, എലികൾ ഒരു വലിയ ഭീഷണിയാണ്. പല രോഗങ്ങളും എലികളിലൂടെ പകരുന്നുണ്ട്. അതിനാൽ കൊതുകുനശീകരണം പോലെ തന്നെ എലിനശീകരണത്തിലും ശ്രദ്ധ പതിപ്പിക്കണം. പകർച്ചവ്യാധികളും മറ്റും പൊട്ടിപ്പുറപ്പെടുമ്പോൾ ടൂറിസം വകുപ്പ് ഇതിനെക്കുറിച്ച് വിനോദസഞ്ചാരികൾക്കു മുന്നറിയിപ്പ് നൽകുകയും വേണം.

? ടൂറിസം വകുപ്പുമായി ഇക്കാര്യം താങ്കൾ ചർച്ച ചെയ്തിരുന്നോ?

കേരളത്തിലെ ടൂറിസം വകുപ്പ് സംഘടിപ്പിച്ച പല സെമിനാറുകളിലും പങ്കെടുത്ത് ഞാൻ ഇക്കാര്യം അവരുടെ ശ്രദ്ധയിൽ പെടുത്താൻ ശ്രമിച്ചിരുന്നു. എന്നാൽ ഈ വിഷയം ചർച്ച ചെയ്യാൻ പോലും ഇതിൽ പങ്കെടുക്കുന്ന പലരും തയ്യാറാകുന്നില്ല. ടൂറിസം രംഗത്തു പ്രവർത്തിക്കുന്ന മിക്കവരും ഇത്തരം യാഥാർഥ്യങ്ങൾ മൂടിവച്ച് പുറം മോടി കാട്ടി സഞ്ചാരികളെ ക്ഷണിക്കാനാണു താത്പര്യം കാണിക്കുന്നത്.

? 22 വർഷത്തോളം അമേരിക്കയിൽ കഴിഞ്ഞിട്ടും ഇന്നും ഇന്ത്യയും ഇവിടത്തെ പ്രശ്നങ്ങളും താങ്കളുടെ ജീവിതത്തിന്റെ ഭാഗമായതെങ്ങനെ?

ഞാനിന്നും ഇന്ത്യക്കാരനാണ്. ഒരു യഥാർഥ ഇന്ത്യക്കാരൻ. 22 വർഷം യുഎസിൽ കഴിഞ്ഞിട്ടും ഇന്ത്യൻ പൗരത്വമാണ് എനിക്കുള്ളത്. ഞാനീ നാടിന്റെ ഭാഗമാണ്. ഞാൻ ഇടയ്ക്കിടെ ഇവിടെ വന്നു പോകുന്നു. മെഡിക്കൽ വിദ്യാർഥിയായിരുന്ന കാലം മുതൽ എന്നെ അലട്ടിയിരുന്നതാണ് ഇവിടത്തെ മാലിന്യപ്രശ്നങ്ങളും പകർച്ചവ്യാധികളും മറ്റും. അവയ്ക്കെതിരെ പോരാടാൻ ലഭിക്കുന്ന ഓരോ അവസരങ്ങളും ഞാൻ പ്രയോജനപ്പെടുത്തുക തന്നെ ചെയ്യും. ഇതിനായി എത്ര കഷ്ടപ്പെടാനും എനിക്കു മടിയില്ല. സത്യത്തിൽ ശുചിത്വമെന്നത് ഒരു ഗാന്ധിയൻ ആദർശമാണ്. മഹാത്മാഗാന്ധിയുടെ ആദർശങ്ങളെ പിന്തുടരുന്നുവെന്ന് അവകാശപ്പെടുന്നവർ നാടിന്റെ ശുചിത്വപാലനത്തിനായും മുന്നോട്ടു വരണം.

? ജനങ്ങൾക്കു നൽകാനുള്ള നിർദേശമെന്ത്?
ഗാന്ധിജയന്തി ദിനത്തിൽ മാത്രം പരിസര ശുചീകരണത്തിന് ഇറങ്ങുന്നവരാണ് നാമെല്ലാം. ഈ രീതി മാറ്റിവച്ച് എല്ലാ മാസവും ഇതിനായി ഒരു ദിവസം മാറ്റിവയ്ക്കാൻ ഓരോരുത്തരും തയ്യാറാകണം. മാലിന്യങ്ങൾ തരംതിരിച്ചു നിക്ഷേപിക്കുന്ന രീതി പിന്തുടരുകയാണ് ഉത്തമം. അധികൃതർ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാനുള്ള സംഭരണികൾ വയ്ക്കുകയും കൃത്യമായി ഇവ നീക്കം ചെയ്യുകയും വേണം. അങ്ങനെ ജനങ്ങളുടെയും അധികൃതരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ശുചിത്വ കേരളം - സുകൃത കേരളം എന്ന സങ്കൽപം യാഥാർഥ്യമാക്കാൻ കഴിയണം.